പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 466 11.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. ടി. എം. തോമസ് ഐസക് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സിയിൽ മൊത്തം ബസ്സുകൾ എത്രയാണ്; ഇവയിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നവ എത്ര; നടത്താത്തവ എത്ര; | (എ) | JnNURM പദ്ധതിയിൽപെട്ട 312 ബസ്സുകൾ ഉൾപ്പെടെ 6,245 ബസ്സുകൾ കെ.എസ്.ആർ.ടി.സി ക്ക് നിലവിലുണ്ട്. 04.12.2012 -ലെ കണക്കു പ്രകാരം 5,554 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 691 ബസ്സുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും മറ്റ് അറ്റകുറ്റ പണികൾക്കുമായി ഡോക്ക് ചെയ്തിട്ടുണ്ട്. 5550 ഷെഡ്യൂൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുവാദം നൽകിയിട്ടുണ്ടെങ്കിലും പ്രതിദിനം ശരാശരി 4700 നും 4900 നും ഇടയ്ക്ക് സർവ്വീസുകളാണ് നടത്തി വരുന്നത്. ചില ദിവസങ്ങളിൽ ഇത് 5000 വരെയായി വർദ്ധിക്കാറുണ്ട്. കൂടാതെ ഏകദേശം 270 ജൻറം പദ്ധതി പ്രകാരമുള്ള സർവ്വീസുകളും നടത്തുന്നുണ്ട്. |
| (ബി) | ചാർജ്ജ് വർദ്ധനക്ക് മുൻപത്തെ വരവും ചെലവും എത്ര; ഇപ്പോഴത്തെ പ്രതിദിന വരവ് എത്ര; പ്രതിദിന ചെലവ് എത്ര; | (ബി) | ചാർജ്ജ് വർദ്ധനയ്ക്ക് മുമ്പ് കെ.എസ്.ആർ.ടി.സി. ക്ക് പ്രതിമാസം 129 കോടി രൂപ വരവും 198 കോടി രൂപ ചെലവും ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ പ്രതിദിന വരവ് 4.73 കോടി രൂപയും, പ്രതിദിന ചെലവ് 6.90 കോടി രൂപയുമാണ്. |
| (സി) | കെ.എസ്.ആർ.ടി.സിയിലെ ആകെ ജീവനക്കാർ എത്ര താത്കാലിക ജീവനക്കാരെത്ര; റിട്ടയർ ചെയ്തവരിൽ ജീവിച്ചിരിപ്പുള്ളവർ എത്ര; | (സി) | ആകെ ജീവനക്കാർ - 29,091<br>താൽക്കാലിക ജീവനക്കാർ - 11,891<br>റിട്ടയർ ചെയ്തവരിൽ ജീവിച്ചിരിക്കുന്നവർ - 26,389. |
| (ഡി) | ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിന് പ്രതിമാസ ചെലവ് എത്രയെന്നും പെൻഷൻ നൽകുന്നതിന് പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ; | (ഡി) | ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന ഇനത്തിൽ പ്രതിമാസം 47.58 കോടി രൂപയും പെൻഷൻ ഇനത്തിൽ പ്രതിമാസം 30.57 കോടി രൂപയും കോർപ്പറേഷൻ ചെലവാക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഡീസൽ ഉപയോഗം പ്രതിമാസ ശരാശരി എത്രയാണ്; | (ഇ) | ശരാശരി 12,610 കിലോ ലിറ്റർ ഡീസൽ |
| (എഫ്) | കെ.എസ്.ആർ.ടി.സി.യിൽ മൊത്തം ഷെഡ്യൂളുകൾ എത്ര; റദ്ദാക്കപ്പെട്ട ഷെഡ്യൂളുകൾ എത്ര; | (എഫ്) | മൊത്തം ഷെഡ്യൂളുകൾ - 5550 എണ്ണം ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം ശരാശരി 800 ഓളം ഷെഡ്യൂളുകൾ പ്രതിദിനം റദ്ദാക്കാറുണ്ട്. |
| (ജി) | ഇവിടെ നിലവിൽ എത്ര തസ്തികകൾ ഉണ്ട് എന്നും അവയിലെ ഒഴിവുകൾ എത്രയെന്നും ഏതെല്ലാം തസ്തികകളിൽ എന്നും വ്യക്തമാക്കുമോ; | (ജി) | 50 തസ്തികകൾ ഉണ്ട്. അവയിൽ നിയമനമുള്ള അടിസ്ഥാന തസ്തികകളും അവയിലെ ഒഴിവുകളും താഴെ പറയുന്നു. |

| | |
|---|---|
| റിസർവ്വ് കണ്ടക്ടർ | 3,808 |
| റിസർവ്വ് ഡ്രൈവർ | 3,388 |
| ജൂനിയർ അസിസ്റ്റന്റ് | 569 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 34 |
| ബൈൻഡർ | 6 |
| ലീഗൽ അസിസ്റ്റന്റ് | 4 |
| സെക്യൂരിറ്റി ഗാർഡ് | 93 |
| പ്യൂൺ | 89 |
| അസിസ്റ്റന്റ് സ്റ്റോർ കീപ്പർ | 20 |
| സ്റ്റോർ ഇഷ്യൂവർ | 51 |
| ബ്ലാക്ക്സ്മിത്ത് | 382 |
| പെയിന്റർ | 61 |
| അപ്ഹോൾസ്റ്ററർ | 23 |
| മെക്കാനിക്ക് | 265 |

| | | | |
|---|---|---|---|
| (എച്ച്) | കഴിഞ്ഞ രണ്ടു വർഷം സർക്കാർ കെ.എസ്.ആർ.ടി.സി. ക്ക് നൽകിയ മൂലധന നിക്ഷേപം എത്രയെന്നും ഒരു ബസ് സർവ്വീസ് നടത്തുന്നതിനു വേണ്ടിവരുന്ന മൊത്തം ചെലവ് എത്രയെന്നും ശരാശരി വരവ് എത്രയെന്നും വ്യക്തമാക്കുമോ? | (എച്ച്) | സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് 2011-12 വർഷത്തിൽ 42 കോടി രൂപയും 2012-13 വർഷത്തിൽ 57.07 കോടി രൂപയും മൂലധന നിക്ഷേപമായി അനുവദിച്ചിട്ടുണ്ട്. ഒരു ബസ് ഒരു ദിവസം സർവ്വീസ് നടത്തുന്നതിന് 11,473 രൂപ ചെലവും, ശരാശരി വരവ് 7,986 രൂപയുമാണ് (2012 നവംബറിലെ കണക്കു പ്രകാരം). |

സെക്ഷൻ ഓഫീസർ